(സി) ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും യാതൊരുവിധ അലംഭാവവും ഉണ്ടായിട്ടില്ല. നേരെ മറിച്ച് സംസ്ഥാനത്തിനായി പ്രഖ്യാപിക്കപ്പെട്ട സർവ്വേകൾ എല്ലാം എത്രയും പെട്ടെന്ന് പൂർത്തിയാക്കി റെയിൽവേ ലൈനുകൾ എത്രയുംവേഗം സ്ഥാപിക്കണമെന്ന് സംസ്ഥാന സർക്കാർ എല്ലാ വർഷങ്ങളിലേയും റെയിൽവേ ബഡ്ജറ്റിന് മുന്നോടിയായി സമർപ്പിച്ചു വരുന്ന വിശദമായ മെമ്മോറാണ്ടങ്ങളിൽ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. 2015-16-ലെ റെയിൽവേ ബഡ്ജറ്റിനു മുന്നോടിയായി സംസ്ഥാനത്തെ സമഗ്ര റെയിൽവേ വികസനത്തിന് ആവശ്യമായ കാര്യങ്ങൾ ഉൾക്കൊള്ളിച്ച് കേന്ദ്ര സർക്കാരിന് സമർപ്പിച്ച വിശദമായ മെമ്മോറാണ്ടത്തിലും വീണ്ടും ഇക്കാര്യം കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ഊർജ്ജ ഉപഭോഗം

9 (*39) ശ്രീ. എം. ഉമ്മർ :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഊർജ്ജ ഉപഭോഗം വിശേഷിച്ചും വേനൽക്കാലത്ത് ക്രമാതീതമായി വർദ്ധിക്കുന്നത് നേരിടാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ വിശദമാക്കുമോ ;

(ബി) ഈ സമയത്തെ വർദ്ധിച്ച ഉപഭോഗത്തിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകാമോ ;

(സി) വേനൽക്കാലത്തും ഏറ്റവും തിരക്കേറിയ സമയങ്ങളിലും തീർത്തും ആഡംബരാവശ്യങ്ങൾക്ക് വൈദ്യുതി ഉപയോഗിക്കുന്നതു നിയന്ത്രിക്കാൻ എന്തൊക്കെ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ; വിശദമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) ഈ വേനൽക്കാലത്ത് വർദ്ധിച്ച ഉപഭോഗം കണക്കിലെടുത്ത് സംസ്ഥാനത്തെ ഊർജ്ജ ആവശ്യകത നിറവേറ്റുന്നതിന് താഴെപ്പറയുന്ന നടപടികൾ ബോർഡ് സ്വീകരിച്ചിട്ടുണ്ടായിരുന്നു:

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ ജലസംഭരണികളിൽ പരമാവധി വെള്ളം സംഭരിച്ച് സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതികളിൽ നിന്നും പരമാവധി ഉത്പാദനം ഉറപ്പ് വരുത്തിയിരുന്നു. ഈ വേനൽക്കാലത്ത് പ്രതിദിനം 22 മുതൽ 25 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള വെള്ളം സംഭരിച്ചിട്ടുണ്ടായിരുന്നു. കേന്ദ്രപൂളിൽ നിന്നും പരമാവധി ലഭ്യമാക്കാവുന്ന ഏകദേശം 1250 മെഗാവാട്ട് മുതൽ 1400 മെഗാവാട്ട് വരെ (പ്രതിദിനം 30 മുതൽ 32 ദശലക്ഷം യൂണിറ്റ് വരെ) വൈദ്യുതി ലഭ്യമാക്കിയിരുന്നു. സംസ്ഥാനത്തിന് പുറമെനിന്നുള്ള വൈദ്യുതി വ്യാപാരികളിൽ നിന്നും ഉത്പാദകരിൽ നിന്നും 923 മെഗാവാട്ട് വൈദ്യുതി മത്സരാധിഷ്ഠിത ടെൻഡർ മുഖേന വാങ്ങിയാണ് ജലവൈദ്യുതി ഉത്പാദനവും കേന്ദ്രപൂളിൽ നിന്നുള്ള വൈദ്യുതി വിഹിതവും കഴിഞ്ഞുള്ള സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത നിറവേറ്റിയിരുന്നത്. ടി നടപടിവഴി പ്രതിദിനം 4 മുതൽ 8 ദശലക്ഷം വരെ യൂണിറ്റ് വൈദ്യുതി വ്യാപാരികൾവഴി ലഭ്യമാക്കിയിരുന്നു.

വൈദ്യുതി ബോർഡിന്റെതന്നെ കോഴിക്കോട് നിലയത്തിൽ നിന്നും ശരാശരി ഒരു ദശലക്ഷം യൂണിറ്റ് വരെ വൈദ്യുതി ഉത്പാദിപ്പിക്കുന്നുണ്ടായിരുന്നു. മേൽ സൂചിപ്പിച്ച നടപടികൾവഴി സംസ്ഥാനത്തെ വർദ്ധിച്ച തോതിലുള്ള വൈദ്യുതി ഉപയോഗം പവർകട്ടോ ലോഡ് ഷെഡ്ഡിംഗോ കൂടാതെ നിറവേറ്റാൻ വൈദ്യുതി ബോർഡിന് സാധിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. വേനൽക്കാലത്ത് മറ്റു കാലങ്ങളെ അപേക്ഷിച്ച് പ്രതിദിനം 5 മുതൽ 8 ദശലക്ഷം യൂണിറ്റ് വരെയും ശരാശരി 300 മുതൽ 400 മെഗാവാട്ട് വരെയും വൈദ്യുതി ഉപയോഗം കൂടുതലാണ്. ഫാൻ, എയർകണ്ടീഷണറുകൾ, കൂളറുകൾ മറ്റു ശീതീകരണ സംവിധാനങ്ങൾ മുതലായവയുടെ വർദ്ധിച്ച തോതിലുള്ള ഉപയോഗം വേനൽക്കാലത്തെ വൈദ്യുതി ഉപഭോഗത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടാക്കിയിട്ടുണ്ട്. ഇതിനുപുറമേ കുടിവെള്ളത്തിനും കാർഷികാവശ്യങ്ങൾക്കും മറ്റ് ഇതര ആവശ്യങ്ങൾക്കുമുള്ള വർദ്ധിച്ച തോതിലുള്ള ജലത്തിന്റെ ആവശ്യകതയും വേനൽക്കാലത്ത് വൈദ്യുതി ഉപഭോഗത്തിൽ വർദ്ധനവ് ഉണ്ടാക്കിയിട്ടുണ്ട്.

(സി) ആഡംബരാവശ്യങ്ങൾക്ക് അനാവശ്യമായി വൈദ്യുതി ഉപയോഗിക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തണമെന്ന് 2008-09 മുതൽ തന്നെ ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിൽക്കൂടിയും അച്ചടി മാധ്യമങ്ങളിൽക്കൂടിയും എല്ലാ വിഭാഗം ഉപഭോക്താക്കളോടും അഭ്യർത്ഥിച്ചു വരുന്നുണ്ട്. ഡിസ്പ്ലേ ബോർഡുകൾക്കും ഹോർഡിംഗുകൾക്കും വളരെ ഉയർന്ന താരിഫാണ് ഈടാക്കി വരുന്നത്. വേനൽക്കാലത്തെ

പീക്ക് സമയത്തെ ഉപഭോഗം പരമാവധി കുറയ്ക്കുന്നതിന് സൺ ഷിഫ്റ്റ് പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ സംസ്ഥാനത്തെ എല്ലാ എച്ച്.റ്റി/ഇ.എച്ച്.റ്റി വിഭാഗം ഉപഭോക്താക്കൾക്കും 20 കിലോവാട്ടിന് മുകളിൽ കണക്ടഡ് ലോഡുള്ള വ്യാവസായിക ഉപഭോക്താക്കൾക്കും പ്രതിമാസം 500 യൂണിറ്റിൽ കൂടുതൽ ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കൾക്കും ToD സമ്പ്രദായത്തിലാണ് ബിൽ ചെയ്യപ്പെടുന്നത്. ടി സമ്പ്രദായമനുസരിച്ച് പീക്ക് സമയത്തെ വൈദ്യുത ഉപഭോഗത്തിന് ഏർപ്പെടുത്തിയിരിക്കുന്ന നിരക്ക് മറ്റു സമയങ്ങളെ അപേക്ഷിച്ച് 20% മുതൽ 50% വരെ അധികമാണ്.

ജോബ് ഫെയർ

10 (*40) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ജോബ് ഫെയർ സംഘടിപ്പിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(ബി) ജോബ് ഫെയറിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(സി) ഏതെല്ലാം ഏജൻസികളാണ് ജോബ് ഫെയറുമായി സഹകരിച്ചതെന്ന് വിശദമാക്കുമോ ;

(ഡി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ജോബ് ഫെയർവഴി പൂർത്തീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി) :

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം, വയനാട്, എറണാകുളം, ആലപ്പുഴ, കോട്ടയം, മലപ്പുറം എന്നീ ആറ് ജില്ലകളിൽ ജോബ് ഫെസ്റ്റ് സംഘടിപ്പിച്ചിട്ടുണ്ട്. മേളയിൽ പങ്കെടുത്ത കമ്പനികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly